ലൂക്കാ 1:26 - 38

നവംബർ 20: പരി. ദൈവമാതാവിനോടുള്ള അറിയിപ്പ്

ഭാഷ്യം

I. സന്ദർഭം

മനുഷ്യന്റെ ഉൽപ്പത്തി മുതൽ കാത്തിരിക്കുന്ന സദ്വാർത്തയുടെ സഫലീകരണമാണ് മംഗളവാർത്ത. "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും, നീ അവന്റെ കുതികാലിൽ പരിക്കേൽപ്പിക്കും" (ഉൽപ 3:15). പാപം ചെയ്തു പറുദീസയ്ക്കു പുറത്തായിപോയ മനുഷ്യന് കിട്ടിയ വാഗ്ദാനമായിരുന്നു ഇത്. പറുദീസാ പിന്നിട്ട മനുഷ്യന്റെ കാര്യത്തിൽ നിർണായകമായി ദൈവം ഇടപെടുന്നതാണ് മംഗളവാർത്ത അറിയിപ്പ്. യോഹന്നാന്റെ ജനന അറിയിപ്പുമുതൽ ദൈവം ഇടപെടുന്നതിന്റെ സൂചനകൾ കിട്ടിത്തുടങ്ങി. വന്ധ്യയെന്ന് കരുതിയ, വൃദ്ധയായ എലിസബത്തിൽ ദൈവം യോഹന്നാനെ ജനിപ്പിക്കുന്നെങ്കിൽ മറിയമെന്ന കന്നിപ്പെണ്ണുവഴി മനുഷ്യനോടു കൂടി ദൈവം സഹവസിക്കുന്നതിന്റെ പറുദീസ പുനഃപ്രതിഷ്ഠയായാണ് വചനഭാഗം അവതരിപ്പിക്കുന്നത്.

II. പ്രമേയം

ദാവീദിന് ദൈവം നൽകിയ വാഗ്ദാനം (2 സാമു 7) പൂർത്തീകരിക്കപ്പെടുകയാണ് (1:32-33)- എന്നേക്കും ഭരിക്കുന്ന മിശിഹാ ആയിരിക്കും യേശു. ദൈവത്തിന് ഭൂമിയെ സൃഷ്ടിക്കാൻ ആരുടെയും അനുവാദം ആവശ്യമില്ലായിരുന്നു. എന്നാൽ യേശുവിന്- മനുഷ്യാവതാരം ചെയ്ത ദൈവത്തിന് ഭൂമിയിൽ വരാൻ ഏറ്റവും എളിയവളെന്ന് ലോകം കരുതിയ മറിയം എന്ന കന്യകയുടെ അനുമതി വേണ്ടി വന്നു. ഒരു കുടിലിൽ കഴിഞ്ഞ, സമൂഹം അധികം വിലകൊടുക്കാത്ത സ്ത്രീയുടെ ഗർഭത്തിലേക്ക് ദൈവം കടന്നുവരുന്നു, അവളുടെ അനുവാദം തേടി. സദ്വാർത്തയിൽ നിന്ന് ആരും അന്യമാക്കപ്പെടുന്നില്ല; അത് ഏവർക്കും അപ്രാപ്യമെന്ന പാഠം.

III. സന്ദേശം

1. മംഗളവാർത്ത വ്യക്തികേന്ദ്രീകൃതമാണ്. രണ്ട് വ്യക്തികളെ സംബന്ധിച്ച അറിയിപ്പാണ് ഇവിടെയുള്ളത്. ദൈവകൃപ നിറഞ്ഞവളും കർത്താവ് കൂടെ

യുള്ളവളുമാണ് മറിയം (1:28) യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പിൽ സഖറിയ-എലിസബത്ത് ദമ്പതികളുടെ ജീവിത വിശുദ്ധിയും നീതിനിഷ്ഠയും ദൈവം, അവരുടെ പ്രാർത്ഥന കേൾക്കാൻ കാരണമായി അവതരിപ്പിക്കുന്നുണ്ട്. എന്നാൽ ഇവിടെ അത്തരത്തിലുള്ള യാതൊരു പരാമർശവും മറിയത്തെക്കുറിച്ചില്ല. അവളൊരു സാധാരണ പെൺകുട്ടി. അവൾ എന്തെങ്കിലും, പ്രാർത്ഥിച്ചതായോ, പ്രത്യേക സ്വഭാവ വിശുദ്ധിയുള്ളതായോ ഒന്നും നമുക്കറിയില്ല. അതിനർത്ഥം ദൈവത്തിന്റെ ഇടപെടലിന് ജീവിതചര്യയുമായോ, സ്ഥാനമാനങ്ങളുമായോ ബന്ധമില്ല. 'ദൈവത്താൽ അയക്കപ്പെടുന്ന മാലാഖ എന്നത് ദൈവത്തിന്റെ ഔദാര്യപൂർണ്ണമായ, നിരുപാധികമായ പ്രവർത്തിയാണ്. ദൈവത്തിനോ അവന്റെ പ്രവർത്തനങ്ങൾക്കോ വേലിക്കെട്ടുകൾ, പരിധിയും പരിമിതിയും തീർക്കാൻ ആർക്കും കഴിയില്ല. പ്രത്യേക മാനദണ്ഡങ്ങളോ പരിഗണനകളോ ഇല്ലാതെ ദൈവത്തിന് മനുഷ്യാവസ്ഥകളിലേക്ക് കടന്നുവരാം.

2. രണ്ടാമത്തെ അഭിവാദനം യേശു എന്ന വ്യക്തിയെ കേന്ദ്രീകരിച്ചാണ്. സ്നാപകന്റെ പിറവിയുടെ വാർത്ത അറിയിക്കുമ്പോൾ അവൻ എങ്ങനെ ജീവിക്കും... ലഹരി ഉപയോഗിക്കാതെ... തുടങ്ങി, അവൻ എന്തുചെയ്യും എന്നൊക്കെ പറയുന്നുണ്ട്. എന്നാൽ യേശുവിനെക്കുറിച്ചുള്ള പരാമർശങ്ങൾ ഏറെ വേറിട്ടതാണ്. ദൈവത്തിന്റെ പുത്രനാണ്, യേശു എന്ന പേരിലറിയപ്പെടും, ദാദീവിന്റെ സിംഹാസനത്തിൽ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യം സാർവ്വത്രികമായിരിക്കും. എന്നിങ്ങനെ, തികച്ചും യേശു ആരെന്ന വെളിപ്പെടുത്തലാണ്. ഈ തിരിച്ചറിവിലേക്കാണ് ഇനി സുവിശേഷം തുടരുക. യേശു എന്ന വ്യക്തിയെ അടുത്തറിയാനുള്ള ശ്രമം നമുക്ക് തുടരാം.

3. ഇന്നും, നമുക്ക് മനസ്സിലാക്കാൻ സാധിക്കാത്ത ഒന്നാണ് മംഗളവാർത്തയിലെ മാലാഖയുടെ വിശദീകരണം. പുരുഷ സംസർഗ്ഗമില്ലാതെ ഗർഭം ധരിക്കുന്നതിനെപ്പറ്റി പറഞ്ഞതെല്ലാം അപ്പാടെ മനസ്സിലാക്കാൻ മറിയത്തിനും കഴിഞ്ഞിരിക്കില്ല. പക്ഷേ മറിയം പ്രത്യുത്തരിച്ചു: "നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ." അങ്ങനെ പറയാൻ മറിയത്തെ പ്രേരിപ്പിച്ചത് ഒരുവേള, മാലാഖ പറഞ്ഞ അവസാനത്തെ വാചകമാകാം. അത് ഏതൊരു മനുഷ്യനും, വിശ്വാസിക്കും- ഗ്രഹിക്കാൻ സാധിക്കുന്നതാണ്. 'ദൈവത്തിന് അസാധ്യമായി ഒന്നുമില്ല' (1:37). വിശ്വാസത്തിന്റെ കാതലാണിത്. ദൈവം സർവ്വത്തിന്റെയും ഉടയവനും നാഥനുമാണ്. ഒന്നും അസാധ്യമല്ലാത്ത ദൈവത്തിന്റെ കരങ്ങളിലേക്ക് അവിടുത്തെ പദ്ധതികളിലേക്ക് മറിയത്തെപോലെ നിരുപാധികം 'അതെ' പറയുവാൻ കഴിഞ്ഞാൽ നാം രക്ഷപ്പെട്ടു. നമ്മുടെ എല്ലാ അധ്വാനങ്ങളും ദൈവത്തിന്റെ സാധ്യതകളോട് ചേർക്കാം.

ഡോ. ജേക്കബ് മുല്ലൂർ

പ്രസംഗം

ആദരിക്കേണ്ട മാതൃത്വം

ഞാൻ മഴ നനഞ്ഞ് സ്കൂളിൽ നിന്നും വന്നപ്പോൾ ഏട്ടൻ ഉപദേശിച്ചു: "ഒരു കുട എടുക്കാമായിരുന്നില്ലേ."

ചേച്ചി സഹതപിച്ചു: "മഴ തീർന്നിട്ട് നിനക്ക് വരാമായിരുന്നില്ലേ."

അച്ഛൻ ദേഷ്യപ്പെട്ടു, "പനി വരുമ്പോൾ പഠിച്ചോളും."

അമ്മ തല തുവർത്തിക്കൊണ്ടു പറഞ്ഞു: "ഈ മഴയ്ക്കെന്താ ഇപ്പോ പെയ്യണം എന്ന്? എന്റെ മോൻ വന്നിട്ട് പെയ്തൂടെ..." അമ്മയ്ക്ക് തുല്യം അമ്മ മാത്രം.

ദൈവമാതൃത്വമെന്ന മഹനീയ പദവിയിലേക്ക് മറിയത്തെ തിരഞ്ഞെടുക്കുമ്പോൾ മറിയത്തെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് 'കൃപ നിറഞ്ഞവളേ' എന്ന അഭിവാദനത്തിൽ "അമ്മയുടെ ഉദരത്തിൽ രൂപം കൊള്ളുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു" എന്ന വചനത്തിന്റെ പൂർണ്ണത മറിയത്തിന് വ്യക്തമാക്കുകയായിരുന്നു ദൈവദൂതൻ.

ഭൂമിയിൽ ഒരാൾക്കു ലഭിക്കാവുന്ന ഏറ്റവും നല്ല അഭിവാദനം മറിയത്തിനാണ് ലഭിച്ചത്. "കൃപ നിറഞ്ഞവൾ." ഈയൊരു സുകൃതത്തിനു വേണ്ടിയാണ് ആരും ആഗ്രഹിക്കുക. ദൈവം ഒരാളോട് സ്തുതിവചനം അരുൾചെയ്യുകയെന്നതിനപ്പുറം എന്ത് ധന്യതയാണ് ഒരാൾക്കുണ്ടാവേണ്ടത്. ദൈവദൂതനിലൂടെ ദൈവം തന്നെ നേരിട്ട് മറിയത്തോട് സ്തുതിയരുളുന്നു. കറയില്ലാത്തവൾ എന്നല്ല കൃപ നിറഞ്ഞവളെന്നാണ് ദൈവം മറിയത്തെ വിളിക്കുന്നത്. "കർത്താവേ, അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആരു വസിക്കും, നിഷ്ക്കളങ്കനായി ജീവിക്കുന്നവൻ" (സങ്കീ. 15). മറിയം ദൈവത്തിന്റെ വിശുദ്ധ ഗിരിയിൽ വസിക്കാൻ യോഗ്യയാണെന്ന് ദൈവം തന്നെ ഭൂമിക്ക് നേരിട്ടു നൽകുന്ന വെളിപ്പെടുത്തലാണിത്. മറിയത്തിന്റെ ധന്യതയെ ദൈവവചനം അടിവരയിട്ടുറപ്പിക്കുകയാണ്. ദൈവത്തിന്റെ അമ്മയാവാൻ മറിയത്തിന്റെ യോഗ്യതയായി ദൈവം കണ്ടത് "കൃപയുടെ നിറവിനെയാണ്." മാതൃത്വം മഹനീയമാണെങ്കിൽ എല്ലാ അമ്മമാരും കൃപനിറഞ്ഞവരാകേണ്ടതുണ്ടെന്ന് സാരം. അമ്മയാവേണ്ടവളെ ദൈവദൂതൻ സ്തുതി ചൊല്ലി വന്ദിക്കുന്നുവെങ്കിൽ മാതൃത്വത്തെ ആദരവോടെ കാണണമെന്ന് ദൈവം ഓർമ്മിപ്പിക്കുകയാണ്. അമ്മയാവാൻ ഒരാൾ സ്വയം സൂക്ഷിക്കേണ്ട വിശുദ്ധിയും അമ്മമാരോട് ഹൃദയാദരവുണ്ടാവണമെന്നും ദൈവത്തിന്റെ സാക്ഷ്യം.

സ്തുതിവചനത്താൽ മറിയത്തെ അത്ഭുതപ്പെടുത്തുന്ന ദൂതൻ ആദരവ് പ്രകടിപ്പിക്കാനുള്ള മനുഷ്യന്റെ പിശുക്കിനെ വെല്ലുവിളിക്കുകയും ആദരവർഹിക്കുന്നവരെ പുച്ഛിക്കുകപോലും ചെയ്യുന്ന മനുഷ്യന്റെ പാപ്പരത്തത്തെ ചോദ്യം ചെയ്യുകയുമാണ്. മനുഷ്യന്റെ നന്മകളെ ബഹുമാനിക്കുകയെന്നത് ആത്മീ

യതയുടെ കാതലാണെന്ന് ദൈവം മനുഷ്യനെ ഓർമ്മപ്പെടുത്തുകയാണ്. മറിയത്തിന് സ്തുതിയരുളുമ്പോൾ ആദരം അർഹിക്കുന്നവരോട് ആദരവു പ്രകടിപ്പിക്കുക ക്രിസ്തീയ ജീവിതപുണ്യമായി കരുതേണ്ടതാണെന്ന് ദൈവം മനുഷ്യനെ ബോധ്യപ്പെടുത്തുകയാണ് ചെയ്യുന്നത്.

മറിയത്തിന്റെ അനുവാദത്തിനായി കാത്തുനിൽക്കുന്ന ദൂതൻ തിരഞ്ഞെടുപ്പുകളിൽപോലും മനുഷ്യന്റെ സ്വാതന്ത്ര്യത്തെ ദൈവം ബഹുമാനിക്കുന്നുവെന്നതിന്റെ സൂചനയാണ്. "ഇതാ കർത്താവിന്റെ ദാസി" എന്ന മറിയത്തിന്റെ പ്രതിവചനം സ്വാതന്ത്ര്യത്തോടുകൂടി അവളെടുത്ത തീരുമാനമായിരുന്നു. ദൈവത്തിന് സ്വയം സമർപ്പിക്കാനുള്ള തീരുമാനം. നമ്മുടെ തീരുമാനങ്ങളും അഭിപ്രായങ്ങളും മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കുന്ന മനുഷ്യന്റെ പ്രകൃതിയെ ദൈവം ചോദ്യം ചെയ്യുന്നു. നന്മ ചെയ്യാൻ പോലും മനുഷ്യനെ നിർബന്ധിക്കാത്തൊരു ദൈവത്തെ നാം ഇവിടെ കണ്ടുമുട്ടുന്നു. നന്മ ചെയ്യാൻ വേണ്ടിയാണെങ്കിൽ പോലും എത്രമാത്രം ശാഠ്യമുള്ളവരാണ് നമ്മൾ.

ഏറ്റവും വലിയ പുണ്യമായ ക്രിസ്തുവിനെ ഭൂമിക്ക് നൽകുകയെന്ന ധന്യകർമ്മത്തിനായി "കർത്താവ് നിന്നോടുകൂടെ" എന്ന ധൈര്യപ്പെടുത്തലാണ് ദൈവദൂതൻ മറിയത്തിന് നൽകുന്നത്. കർത്താവ് കൂടെയുള്ള മനുഷ്യന് എന്ത് ഭയമാണുണ്ടാവുക. "ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആര് നമുക്ക് എതിര് നിൽക്കും" (റോമ 8) എന്ന് പൗലോസ് ചോദിക്കുന്നതുപോലെ തന്നെ എല്ലാ നന്മകൾക്കുമുപരിയായി ദൈവം കൂടെയുണ്ടാവുകയെന്നത് ഏറ്റവും വലിയ കൃപയാണ്. മറിയത്തിന് ദൈവം നൽകുന്ന ഏറ്റവും വലിയ വാഗ്ദാനം ഇതായിരുന്നു. "ഞാൻ നിന്നോട് കൂടെയുണ്ട്." ബൈബിളിൽ ഉടനീളവും, ജീവിതത്തിൽ ഓരോ ദിവസവും, ഓരോ നിമിഷവും ദൈവം മനുഷ്യനോട് പറയുന്നതും ഇതു തന്നെ- "ഭയപ്പെടേണ്ട, ഞാൻ നിന്നോട് കൂടെയുണ്ട്. മനുഷ്യൻ ഏറ്റവുമധികം സംശയിക്കുന്നതും ഈ സാന്നിദ്ധ്യത്തെ തന്നെയല്ലേ.

ദൈവം പരിശുദ്ധ അമ്മയെ വലുതായി കണ്ട്, അവളുടെ സ്വാതന്ത്ര്യത്തെ ബഹുമാനിച്ചതുപോലെ നമ്മുടെ ജീവിതവഴികളിൽ കണ്ടുമുട്ടുന്നവരെ ആദരിക്കാനും വലിയവരായി കാണാനും നമുക്ക് സാധിക്കട്ടെ. ഒരു ഇളം കാറ്റിൽ പാറിപറക്കാൻ മാത്രം ചെറുതായ ഗോതമ്പ് അപ്പത്തിൽ വിശ്വാസകണ്ണുക ൾ കൊണ്ട് ലോകരക്ഷകന്റെ സജീവ സാന്നിധ്യത്തെ അനുഭവിക്കുന്നവരാണ് ഓരോ ക്രിസ്ത്യാനിയും. എല്ലാ വ്യക്തികളേയും അവരുടെ കുറവുകളോടും നിസ്സാരതയോടുംകൂടി വലിയവരായി കാണാൻ നമുക്കും സാധിക്കട്ടെ. പ്രത്യേകിച്ച് നാം ഏറെ ബലഹീനരാണെന്ന് കരുതുന്ന മാതാക്കളെ.

ഫാ. മേരി ജോൺ